**അടിയന്തിരം**

ഭരണ ഭാഷ-മാതൃഭാഷ

WEC4/9294/21

വനിതാ ശിശു വികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം.
Email. Directorate.wcd@kerala.gov.in
Phone No: 0471 2346534.
തീയതി: 22.07.2021

വനിത ശിശു വികസന ഡയറക്ടർ,

എല്ലാ ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്കും,
എല്ലാ ICDS പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം: വനിതാ ശിശു വികസന വകുപ്പ്- **"കനൽ"** ബോധവത്കരണ കർമ്മ പരിപാടി നടപ്പാക്കുന്നത്- സംബ
സൂചന: വനിതാ ശിശു വികസന ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 24.06.2021 തീയതിയിൽ കൂടിയ മീറ്റിംഗ്.

സ്ത്രീ സുരക്ഷയ്ക്കായി നിലവിലുള്ള സംവിധാനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുക, ഗാർഹിക/സ്ത്രീധന പീഡനം നേരിടുന്ന സ്ത്രീകൾക്ക് അവയെ ചെറുക്കുന്നതിനായി ശാക്തീകരിക്കുക, അവർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ വർദ്ധിപ്പിക്കുക, ആവശ്യമായ നിയമസഹായം, കൗൺസിലിംഗ് എന്നിവ നൽകുക എന്ന ലക്ഷ്യത്തോടെ **"കനൽ"** എന്ന പേരിൽ ബോധവത്കരണ കർമ്മ പരിപാടി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ടി പരിപാടി 23.07.2021 തീയതിയിൽ വൈകുന്നേരം 6 മണിക്ക് വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ വെച്ച് ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ സംഘടിപ്പിക്കുന്നു. ബഹു. കേരള മുഖ്യമന്ത്രി ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്യുന്ന ടി പരിപാടിയുടെ തത്സമയ പ്രക്ഷേപണം വകുപ്പിന്റെ WCD Kerala You tube ചാനലിൽ ഉണ്ടായിരിക്കുന്നതാണ്.

ടി പരിപാടി വനിതാ ശിശു വികസന വകുപ്പിലെ എല്ലാ ജീവനക്കാരും തത്സമയം വീക്ഷിക്കേണ്ടതും, പരമാവധി പൊതുജനങ്ങളെ ടി പരിപാടി വീക്ഷിക്കുന്നതിനായി ക്ഷണിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിതാ ശിശു വികസന ഡയറക്ടർക്കു വേണ്ടി





# കനൽ

## സ്ത്രീസുരക്ഷയ്ക്കായുള്ള കർമപരിപാടി

**വനിത ശിശുവികസന വകുപ്പ്**
**കേരള സർക്കാർ**

കേരള സർക്കാർ

വനിത
ശിശുവികസന
വകുപ്പ്

ബഹുമാന്യരെ,

സ്ത്രീശാക്തീകരണവും, സ്ത്രീപുരുഷ തുല്യതയും ഉറപ്പ് വരുത്തുന്നതിനായി നിരവധി പരിപാടികളും പദ്ധതികളും സർക്കാരും അനുബന്ധ ഏജൻസികളും നടപ്പാക്കുന്നുണ്ടെങ്കിലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും അനീതിയും പൂർണ്ണമായി ഇല്ലാതാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇവ ഉന്മൂലനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനായി **കനൽ** എന്ന പേരിൽ കർമപരിപാടി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സ്ത്രീസുരക്ഷയ്ക്കായി നിലവിലുള്ള സംവിധാനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുക, ഗാർഹിക/സ്ത്രീധന പീഡനം നേരിടുന്ന സ്ത്രീകളെ അവ ചെറുക്കുന്നതിനായി ശാക്തീകരിക്കുക, സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ വർദ്ധിപ്പിക്കുക, കലാലയങ്ങൾ കേന്ദ്രീകരിച്ച് ജെൻഡർ അവബോധ പരിപാടികൾ സംഘടിപ്പിക്കുക എന്നീ നടപടികളാണ് ഈ കർമപരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്.

ഈ പരിപാടി 23.07.2021 തീയതിയിൽ വൈകുന്നേരം 6 ന് ബഹു. കേരള മുഖ്യമന്ത്രി ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്യുന്നു. ഈ പരിപാടിയുടെ ഭാഗമാകണമെന്നും ആയതിന്റെ നടത്തിപ്പിൽ പൂർണ്ണ പങ്കാളിത്തമുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

**അനുപമ.റ്റി.വി IAS**
ഡയറക്ടർ
വനിത ശിശു വികസന വകുപ്പ്

**റാണി ജോർജ് IAS**
പ്രിൻസിപ്പൽ സെക്രട്ടറി
വനിത ശിശു വികസന വകുപ്പ്

## കാര്യപരിപാടികൾ

സ്ഥലം : വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര,തിരുവനന്തപുരം.

തീയതി : 23.07.2021, വൈകുന്നേരം 6 മണി

സ്വാഗതം : **ശ്രീമതി. റാണി ജോർജ് IAS**
പ്രിൻസിപ്പൽ സെക്രട്ടറി,
വനിത ശിശു വികസന വകുപ്പ്.

അദ്ധ്യക്ഷ : **ശ്രീമതി. വീണ ജോർജ്**
ബഹു. ആരോഗ്യവും വനിത ശിശു വികസനവും
വകുപ്പ് മന്ത്രി.

**ഉദ്ഘാടനം** (ഓൺലൈൻ ആയി)

: **ശ്രീ പിണറായി വിജയൻ**
ബഹു. കേരള മുഖ്യമന്ത്രി,

- കനൽ ലോഗോ പ്രകാശനം.
- 181 പോസ്റ്റർ പ്രകാശനം
- വിവിധ തരം അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച കൈപ്പുസ്തകം പ്രകാശനം.

സാന്നിദ്ധ്യം : **ശ്രീമതി ഇ എം രാധ**
ബഹു. കേരള വനിതാ കമ്മിഷൻ അംഗം

**ശ്രീമതി കെ എസ് സലീഖ**
ബഹു. കേരള സംസ്ഥാന വനിതാ
വികസന കോർപറേഷൻ ചെയർപേഴ്സൺ

നന്ദി : **ശ്രീമതി. അനുപമ.റ്റി.വി IAS**
ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്.

# കനൽ

കേരള സർക്കാർ

വനിത
ശിശുവികസന
വകുപ്പ്